150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ മാതൃഭാഷ"

## <u>കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം -തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളജിലെ നൈറ്റ് വാച്ച്മാൻ ശ്രീ റൂബിൾ ജോൺ ന് - ഓഫീസ് അറ്റന്റന്റ്/മാർക്കർ/നൈറ്റ് വാച്ച്മാൻ എന്നിവരുടെ അന്തിമ മുൻഗണന പട്ടികയിൽ സ്ഥാനം പുനർനിർണയിച്ച് ഉത്തരവാകുന്നു .

---

ഉത്തരവ് നമ്പർ:C3/35415/2021/DCEതിരുവനന്തപുരം തീയതി:28.10.2022

---

*പരാമർശം:*-1) 06.05.2016 തിയതിയിലെ സി3/6168/2016/കോ.വി.വ നമ്പർ ഉത്തരവ് പ്രകാരമുള്ള ഓഫീസ് അറ്റന്റന്റ്/നൈറ്റ് വാച്ച്മാൻ/മാർക്കർ എന്നിവരുടെ അന്തിമ മുൻഗണന പട്ടിക.

2)03.09.2022 ലെ എഫ് 1/4/2022/ഉ.വി.വ നം സർക്കാർ കത്ത് .

### <u>ഉത്തരവ്</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ 20.08.2015 വരെയുള്ള കാലയളവിലെ ഓഫീസ് അറ്റന്റന്റ് / നൈറ്റ് വാച്ച്മാൻ / മാർക്കർ എന്നിവരുടെ അന്തിമ മുൻഗണനാ പട്ടിക പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എറണാകുളം ജില്ലാ പി.എസ്.സി ഓഫിസറുടെ നിയമന ശിപാർശ പ്രകാരം ശ്രീ റൂബിൾ ജോൺ 02.05.2015 പൂർവാഹ്നം പ്രാബല്യത്തിൽ തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിലെ നൈറ്റ് വാച്ച്മാൻ ഒഴിവിൽ ജോലിയിൽ പ്രവേശിച്ചു. ടിയാൻ തന്റെ നിരീക്ഷണ കാലയളവിൽ വിദേശത്ത് ജോലിക്ക് പോകുന്നതിലേക്കായി 07.05.2015 മുതൽ ആറ് മാസത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും എന്നാൽ പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനം ആകും മുൻപ് ഒരു അറിയിപ്പും ഇല്ലാതെ 07.05.2015 മുതൽ അനധികൃതമായി സർവീസിൽ നിന്നും വിട്ടു നില്ക്കുകയും ചെയ്തു. അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ടിയാൻ വിശദീകരണം സമർപ്പിക്കുകയും ചെയ്തു. തുടർന്ന് അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന 07.05.2015 മുതൽ 11.05.2016 വരെയുള്ള കാലയളവ് യാതൊരുവിധ സർവീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കില്ല എന്ന വ്യവസ്ഥയിൽ നോൺ ഡ്യൂട്ടി ആയി ക്രമീകരിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവായി. തുടർന്ന് ടിയാൻ 12.05.2016 -ൽ തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ തിരികെ ജോലിയിൽ പ്രവേശിച്ചു .

ശ്രീ റൂബിൾ ജോൺ ന്റെ നിരീക്ഷണ കാലയളവിനുള്ളിൽ തന്നെ 06.09.2016 ലെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ സി4/23872/16/കോ.വി.വ നമ്പർ നടപടി ക്രമം പ്രകാരം വിദേശത്ത് സ്വകാര്യ ആവശ്യത്തിന് പോകുന്നതിലേക്ക് 92 ദിവസത്തെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 02.06.2017 മുതൽ 01.09.2017 വരെ 92 ദിവസത്തെ ശൂന്യവേതനാവധി ഉപയോഗപ്പെടുത്തുകയും ചെയ്തു. ശ്രീ റൂബിൾ ജോണിന്റെ നൈറ്റ് വാച്ച്മാൻ തസ്തികയിലെ നിരീക്ഷണ കാലം 08.11.2017 പൂർവാഹ്നം പ്രാബല്യത്തിൽ പൂർത്തിയാക്കി.

മേൽ സഹചര്യത്തിൽ ശ്രീ റൂബൾ ജോണിന്റെ സീനിയോരിറ്റി ഏത്

തിയതിയുടെ അടിസ്ഥാനത്തിൽ നിർണയിക്കും എന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെടുകകയും പരാമർശം (2) പ്രകാരം ആയത് ലഭ്യമാകുകയും ചെയ്തു. ആയതിൽ ടിയാന്റെ സീനിയോരിറ്റി ടിയാന് നിയമന ശിപാർശ ലഭിച്ച 28.02.2015 തിയതി അടിസ്ഥാനമാക്കി നിർണയിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരിക്കുന്നു. ടിയാന്റെ സീനിയോരിറ്റി 28.02.2015 തിയതി അടിസ്ഥാനമാക്കി നിർണയിക്കുന്ന പക്ഷം 26.05.2016 ലെ സി3/6168/2016 ലെ കോ.വി.വ മുൻഗണന പട്ടികയിൽ ക്രമ നം 339 നും 340 നും ഇടയിൽ 339 എ ആയി ഉൾപ്പെടുത്തുന്നതിനുള്ള അർഹതയുണ്ട്. ടിയാന്റെ മുൻഗണന പുനക്രമീകരണം ബാധിക്കുന്ന ജീവനക്കാർക്ക് ആക്ഷേപം ഉണ്ടെങ്കിൽ ആയതു അറിയിക്കാൻ 10 ദിവസത്തെ സമയം അനുവദിച്ചിരുന്നു. എന്നാൽ ആക്ഷേപമൊന്നും ലഭിച്ചിട്ടില്ല .

മേൽ സാഹചര്യത്തിൽ ശ്രീ. റൂബിൾ ജോൺ ന്റെ സീനിയോരിറ്റി ക്രമ നം 339 നും 340 നും ഇടയിൽ 339 എ ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

# Approval Valid

Digitally Approved By
സജിത്ത് കെ.ഐ
Date: 28.10.2022
Reason: Approved

Sd/-
സജിത്ത് കെ.ഐ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

പകർപ്പ്,

1) ബന്ധപ്പെട്ട എല്ലാവർക്കും
2) കരുതൽ ഫയൽ/നടപ്പ് ഫയൽ